കാണുകയെന്നുള്ളതാണ്. അതായത്, രണ്ടാം വർഷത്തെ കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികളെമാത്രം മൂന്നാം വർഷത്തേയ്ക്ക് മാറ്റുകയെന്നുള്ളതാണ് രണ്ടു യൂണിവേഴ്സിറ്റികളും സ്വീകരിച്ചിരിക്കുന്ന നിലപാട്. എന്നാൽ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിരിക്കുന്നത്, രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും മൂന്നാം വർഷത്തേയ്ക്ക് പ്രവേശിപ്പിക്കണമെന്നാണ്. മൂന്നു യൂണിവേഴ്സിറ്റികളിലും വ്യത്യസ്തമായ തീരുമാനമാണ് വന്നിരിക്കുന്നത്. ഇതിനകത്ത് ഗവൺമെൻറിന് നേരിട്ട് ഒന്നും ചെയ്യാൻ കഴിയുകയില്ലെങ്കിലും മൂന്നു യൂണിവേഴ്സിറ്റികളിലെയും വൈസ് ചാൻസലർമാരുമായി ഇതിനെക്കുറിച്ച് സംസാരിച്ച് മൂന്നു യൂണിവേഴ്സിറ്റികൾക്കും കൂടി ഒരു ഏകീകൃത സ്വഭാവമുണ്ടാക്കേണ്ട താവശ്യമാണെന്നാണ് ഗവൺമെൻറ് കരുതുന്നത്. അങ്ങനെയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) ചെമ്പേരി, കുടിയാൻമല റോഡിലെ മണ്ണംകുണ്ടുപാലം

ശ്രീ. കെ.സി. ജോസഫ്: സർ, എൻെറ നിയോജകമണ്ഡലത്തിൽപെട്ട ചെമ്പന്തൊട്ടി-നടുവിൽ റോഡിലെ മണ്ണംകുണ്ടു പാലത്തിൻെറ പണിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി, ബഡ്ജറ്റിൽ 7 ലക്ഷം രൂപ വകകൊള്ളിച്ചു. പക്ഷേ സാമ്പത്തിക പരിമിതി പറഞ്ഞുകൊണ്ട് ആ വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെതന്നെ ശ്രീകണ്ഠപുരം ചെമ്പന്തൊട്ടി-നടുവിൽ റോഡിൻെറ രണ്ടാം റീച്ചു പണിയ്ക്കും ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്തു. ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിനും വർക്ക് ടെൻഡർ ചെയ്യാൻ അനുമതി കൊടുക്കുന്നില്ല. അതുപോലെ, മാട്ടറ-കാലാങ്കി റോഡിൻെറ പണിയും, അതിൻെറയും ഭരണാനുമതി കൊടുത്തതാണ്. പക്ഷേ വർക്ക് ടെൻഡർ ചെയ്യുന്നില്ല. ഇത്തരത്തിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ച കാലഘട്ടത്തിലെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള വർക്കുകൾക്കെങ്കിലും സാമ്പത്തിക പരിമിതി എന്ന് പറഞ്ഞ് അനുമതി നല്കാത്ത നയം സ്വീകരിക്കാതെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി ഇടപെട്ട് ആ വർക്ക് ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ള ആ വർക്കുകൾക്ക് അടിയന്തിരമായി അനുവാദം നൽകുന്നകാര്യം പരിശോധിക്കുന്നുണ്ട്. മറ്റു രണ്ട് വർക്കുകൾ പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്തി ഈ കൊല്ലംതന്നെ നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. പ്രയോറിറ്റി ലിസ്റ്റിൽപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്.

(5) പനത്തുറയിലെ കടലാക്രമണം

ശ്രീ. എൻ. ശക്തൻ നാടാർ: സർ, പനത്തുറ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന ഒരു സ്ഥലമാണ്. അവിടെ ഒരു പാലവും, കടൽഭിത്തിയും നിർമ്മിക്കണമെന്ന ആവശ്യം ദീർഘകാലമായി അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ ഉന്നയിക്കുന്നതാണ്. ഇവിടെ 6 മാസത്തിനുമുമ്പ് പാലത്തിന് തറക്കല്ലിട്ടുവെങ്കിലും ഗവൺമെൻറ് സാങ്ഷൻ ലഭ്യമാകാത്തതുകൊണ്ട് മൂന്നു പ്രാവശ്യമായി ടെൻഡർ നീട്ടിക്കൊണ്ടു പോകുകയാണ്. അതുപോലെതന്നെ കടൽഭിത്തിക്ക് അനുമതി കിട്ടാത്തതുമൂലം പണി തുടങ്ങിയിട്ടില്ല. രൂക്ഷമായ കടലാക്രമണമുണ്ടായതു നിമിത്തം പ്രധാനമന്ത്രിയുൾപ്പെടെയുള്ള നേതാക്കൻമാരും നമ്മുടെ മന്ത്രിമാരുൾപ്പെടെ പലരും പലപ്രാവശ്യം പനത്തുറ സന്ദർശിച്ചതാണ്. ഈ സന്ദർഭത്തിലെങ്കിലും പനത്തുറയിൽ പാലവും കടൽഭിത്തിയും നിർമ്മിക്കുന്നതിന് അടിയന്തിരമായി അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പനത്തുറയിൽ പാലത്തിന്റെ തറക്കല്ലിട്ടതാണ്. സാങ്ഷൻ കൊടുത്തിട്ടില്ലെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. 1985-ലാണ് തറക്കല്ലിട്ടത്. ഏതായാലും അവിടെ കടൽഭിത്തി കെട്ടേണ്ടതു് അത്യാവശ്യമാണെന്ന് ഗവൺമെൻറിന് ബോദ്ധ്യമുണ്ട്. ഈ ആവശ്യം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

(6) കാസർകോഡു ജില്ലയിലെ ഉദുമയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്സ്റ്റൈൽ മില്ലിനുവേണ്ടിയുള്ള പണികൾ

ശ്രീ. കെ. പുരുഷോത്തമൻ: സർ, കാസർകോട് ജില്ലയിൽപ്പെട്ട ഉദുമാ ടെക്സ്റ്റൈയിൽസിന്റെ തറക്കല്ലിട്ടത്, 1982-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദാണ്. 1986 ആയിട്ടും അതിന്റെ പണി പൂർത്തിയായിട്ടില്ല. ഇപ്പോൾ അവിടെ പണിതീരിക്കുന്നത് ഒരു ചെറിയ കോട്ടൻ ഷെഡ്ഡും കമ്പിവേലിയും മാത്രമാണ്. ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ഏകദേശം 45 ലക്ഷം രൂപ ഇതിനകം ചെലവാക്കി കഴിഞ്ഞുവെന്നാണ് അറിയുന്നത്. ഈ ഉദുമാ ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം തുടർന്നു നടത്താൻ കഴിയുമോയെന്നുള്ള ആശങ്ക അവിടത്തെ ജനങ്ങൾക്ക് ഉണ്ട്. കേന്ദ്ര ഗവൺമെൻറ് നൽകിയ ലൈസൻസിന്റെ കാലാവധി തീർന്നു, പുതിയ ടെക്സ്റ്റൈയിൽ നയത്തിന്റെ വെളിച്ചത്തിൽ ഈ വ്യവസായത്തിന് ലൈസൻസ് പുതുക്കി കൊടുക്കുമോ എന്ന കാര്യം സംശയമാണ്. അതുകൊണ്ട് രണ്ടായിരത്തോളം ആളുകൾക്ക് തൊഴിൽ നൽകാവുന്ന ഈ വ്യവസായം തുടർന്നു നടത്തുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർകോഡ് ജില്ലയിൽ, ഉദുമയിൽ ഒരു ടെക്സ്റ്റൈയിൽ മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെൻറ് എടുത്തിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെൻറ് സ്പിന്നിംഗ് മില്ലുകളെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണം വച്ചതുകൊണ്ട് മാത്രം താമസിച്ചതാണ്. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും പണം കിട്ടിയെങ്കിൽ മാത്രമേ ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ കഴിഞ്ഞ 25-ാം തീയതിപോലും കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീ. വിശ്വനാഥ് പ്രതാപ് സിംഗിനെ കണ്ട് സംസ്ഥാന ഗവൺമെൻറ് ഏറെടുത്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly